**കണ്ണൂർ സർവ്വകലാശാല**

**സ്കൂൾ ഓഫ് ലൈഫ് ലോങ് ലേണിങ്**

SDE/SDE I - 2/70/2023 30.10.2023

**സർക്കുലർ**

**വിഷയം:** വിദൂര വിദ്യാഭ്യാസ വിഭാഗം പുനക്രമീകരിച്ച് സ്കൂൾ ഓഫ് ലൈഫ് ലോങ് ലേണിങ് ആരംഭിച്ചത് - അറിയിക്കുന്നത് - സംബന്ധിച്ച്.

**സൂചന:** 03.10.2023ലെ Acad.A2/5565/ND&C/2008 Vol.II നം. ഉത്തരവ്.

*****

മേൽസൂചന പ്രകാരം കണ്ണൂർ സർവ്വകലാശാലയിൽ 2023-24 അധ്യയന വർഷം മുതൽ വിദൂര വിദ്യാഭ്യാസ വിഭാഗത്തെ (School of Distance Education) പുനഃക്രമീകരിച്ച് **സ്കൂൾ ഓഫ് ലൈഫ് ലോങ് ലേണിങ് (School of Lifelong Learning) ആരംഭിക്കാൻ** ഉത്തരവായിട്ടുണ്ട്. സ്കൂൾ ഓഫ് ലൈഫ് ലോങ് ലേണിങ്ങിന്റെ പരിധിയിൽ ചുവടെപ്പറയുന്ന കേന്ദ്രങ്ങളാവും പ്രവർത്തിക്കുക.

1. Centre for Lifelong Learning (സെന്റർ ഫോർ ലൈഫ് ലോങ് ലേണിങ്)
2. Centre for Distance Education (സെന്റർ ഫോർ ഡിസ്റ്റൻസ് എജ്യുക്കേഷൻ)
3. Centre for Private Registration (സെന്റർ ഫോർ പ്രൈവറ്റ് രജിസ്ട്രേഷൻ)

വിദൂര വിദ്യാഭ്യാസ വിഭാഗത്തിന്റെ കീഴിൽ നിലവിലുള്ള എല്ലാ പ്രോഗ്രാമുകളും കോഴ്സുകളും ഇനി മുതൽ സ്കൂൾ ഓഫ് ലൈഫ് ലോങ് ലേണിങ്ങിന്റെ അധികാരപരിധിക്കുള്ളിലായിരിക്കും. പ്രവർത്തനങ്ങളുടെ തുടർച്ച ഉറപ്പുവരുത്തുന്നതിനായി വിദൂര വിദ്യാഭ്യാസ വിഭാഗത്തിന്റെ നിലവിലെ ഡയറക്ടർ, സ്കൂൾ ഓഫ് ലൈഫ് ലോങ് ലേണിങ്ങിന്റെ ഡയറക്ടറായി തുടരും.

പ്രൈവറ്റ് രജിസ്ട്രേഷൻ പ്രോഗ്രാമുകൾ സെന്റർ ഫോർ പ്രൈവറ്റ് രജിസ്ട്രേഷൻ-ന്റെ കീഴിലും വിദൂര വിദ്യാഭ്യാസ പ്രോഗ്രാമുകൾ സെന്റർ ഫോർ ഡിസ്റ്റൻസ് എജ്യുക്കേഷൻ-ന്റെ കീഴിലും ആയി മാറും. വിവിധ പഠനവിഭാഗങ്ങളുടെ സഹകരണത്തോടെ സർവ്വകലാശാല ആരംഭിക്കുന്ന ഹ്രസ്വകാല സർട്ടിഫിക്കറ്റ് കോഴ്സുകൾ/ പ്രോഗ്രാമുകൾ സെന്റർ ഫോർ ലൈഫ് ലോങ് ലേണിങ്ങിന്റെ അധികാരപരിധിയിൽ വരും. വിദൂര വിദ്യാഭ്യാസ വിഭാഗത്തിൽ നിലവിലുള്ള ജീവനക്കാരും അടിസ്ഥാന സൗകര്യങ്ങളും സ്കൂൾ ഓഫ് ലൈഫ് ലോങ് ലേണിങ്ങിന്റെ ഭാഗമാകും.

വിദൂര വിദ്യാഭ്യാസ വിഭാഗത്തിലെ SDE - I, SDE - II, SDE - III എന്നീ സെക്ഷനുകൾ യഥാക്രമം School of Lifelong Learning-ലെ **SLL - I, SLL - II, SLL - III** എന്ന് അറിയപ്പെടും.

വിദൂരവിദ്യാഭ്യാസ വിഭാഗത്തെ സ്കൂൾ ഓഫ് ലൈഫ് ലോങ് ലേണിങ് ആക്കി പുനഃക്രമീകരിച്ച സാഹചര്യത്തിൽ, ഭാവിയിലെ എല്ലാ ഔദ്യോഗിക ആശയനവിനിമയ മാർഗങ്ങളിലും കത്തിടപാടുകളിലും ഡിജിറ്റൽ ഉൾപ്പെടെയുള്ള എല്ലാ രേഖകളിലും സാമ്പത്തിക ഇടപാടുകളിലും വിദൂര വിദ്യാഭ്യാസ വിഭാഗം (School of Distance Education) എന്നതിനു പകരം സ്കൂൾ ഓഫ് ലൈഫ് ലോങ് ലേണിങ് (School of Lifelong Learning) എന്ന് ഉപയോഗിക്കണമെന്ന് അഭ്യർഥിക്കുന്നു.

*(ഒപ്പ്/-)*
**ഡോ. അബ്ദുൽ മജീദ് കെ.സി.**
**ഡയറക്ടർ**
**സ്കൂൾ ഓഫ് ലൈഫ് ലോങ് ലേണിങ്**

**സ്വീകർത്താവ്:** എല്ലാ Branch/ വകുപ്പ് മേധാവികൾക്കും സർക്കുലേഷനു വേണ്ടി

അംഗീകാരത്തോടെ

സെക്ഷൻ ഓഫിസർ